## പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*653** 03.04.2018 - **മറുപടിയ്ക്ക്**

## മാതൃഭാഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ. കെ.യു. അരുണൻ : | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും<br>നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) കലാ-സാഹിത്യ-സാംസ്കാരിക രംഗത്തുള്ളവരെ അണിനിരത്തി ശാസ്ത്ര ബോധവും യുക്തിചിന്തയും വളർത്തുന്നതിന് സാംസ്കാരിക വകുപ്പ് പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) കലാ-സാഹിത്യ-സാംസ്കാരിക രംഗത്തുള്ളവരെ അണിനിരത്തി ശാസ്ത്ര ബോധവും യുക്തിചിന്തയും വളർത്തുന്നതിന് സാംസ്കാരിക വകുപ്പ് പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നതിന് പുറമെ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്താനുതകുന്ന രീതിയിലുള്ള രചനകളും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്.<br>ശാസ്ത്ര ബോധവും യുക്തിചിന്തയും വളർത്തുന്നതിന് സഹായകമായ പുസ്തകങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി നോബൽ സമ്മാന ജേതാവ് പ്രൊഫ. അമർത്യാസെന്നിന്റെ പ്രശസ്ത കൃതിയായ 'ആർഗുമെന്റേറ്റീവ് ഇന്ത്യൻ' എന്ന പുസ്തകത്തിന്റെ തർജമ 'താർക്കികനായ ഇന്ത്യക്കാരൻ' എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതാണ്. പ്രൊഫ. ഇർഫാൻ ഹബീബിന്റെ 36 വാല്യങ്ങളുള്ള ഭാരതജന ചരിത്രത്തിന്റെ മൂന്ന് വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യുക്തി ചിന്ത പ്രചരിപ്പിക്കുന്ന പ്രശസ്ത ശാസ്ത്ര ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നതാണ്. |
| ബി) ആയിരത്തിയഞ്ഞൂറ് വർഷത്തിലേറെ പാരമ്പര്യമുള്ള മാതൃഭാഷയെ അവഗണിക്കുന്നതിനെതിരെ സാംസ്കാരിക ഐക്യത്തിനുതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ; | (ബി) തമിഴിനും സംസ്കൃതത്തിനും തെലുങ്കിനും കന്നടയ്ക്കും ശേഷം ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന ഇന്ത്യയിലെ അഞ്ചാമത്തെ ഭാഷയാണ് മലയാളം. ഈ അംഗീകാരം മലയാള ഭാഷയ്ക്ക് ഉപരിയായി കേരള സംസ്കാരത്തിനും അതിന്റെ ചരിത്രത്തിനും കൂടി ലഭിച്ച അംഗീകാരമായിട്ടു വേണം കണക്കാക്കുവാൻ. മലയാളിക്ക് മാതൃഭാഷയോടുള്ള ആദരവും വൈകാരികതയും എല്ലാക്കാലത്തും വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക ഭാഷയും കോടതി വ്യവഹാര ഭാഷയും മലയാളത്തിലാക്കുവാനും കേരളത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും മാതൃഭാഷാ അഭ്യസനം നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ നടപടി |

സ്വീകരിച്ച് വരികയാണ്.

ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം മാതൃഭാഷാ പ്രോത്സാഹനത്തിനും സംരക്ഷണ ത്തിനുമായി ഒരു ഭാഷാ നയം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മലയാള ഭാഷയ്ക്ക് മുൻകാലത്തിൽനിന്ന് വ്യത്യസ്തമായി കേരളത്തിലും കേരളത്തി ന് പുറമെയും സ്വീകാര്യത വർധിച്ചു.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിച യിക്കുന്നതിനും അവസരം ഒരുക്കിക്കൊണ്ട് മാതൃഭാഷയും സംസ്കാരവുമായുള്ള സവിശേഷ ബന്ധം നിലനിർത്താൻ വരും തലമുറകളിലേക്ക് അത് പകർന്നു കൊടുക്കുകയും ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ മലയാളം മിഷൻ എന്ന ഒരു സ്വയംഭരണ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ ഭാഷയിൽനിന്നും സംസ്കാര ത്തിൽ നിന്നും അകന്ന് കഴിയുമ്പോഴും ഉള്ളിന്റെ യുള്ളിൽ സൂക്ഷിച്ചിരിക്കുന്ന ഭാഷാ പ്രേമം പുതു തലമുറയിലേക്ക് പകരാൻ ഇതുവഴി സാധിക്കുന്നു. ഭാഷാ പിതാവിന്റെ നാമധേയത്തിൽ വിശിഷ്ട സാഹിത്യ സംഭാവനകൾക്കായി 'എഴുത്തച്ഛൻ പുരസ്കാരം' നൽകി വരുന്നു.

സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നിങ്ങനെയുള്ള നാല് കോഴ്സുകളാണ് മലയാളം മിഷൻ പാഠ്യപദ്ധതിയിലുള്ളത്. പഠിതാ വിനെ മലയാളഭാഷാ പ്രാവീണ്യത്തിൽ കേരള ത്തിലെ പത്താം ക്ലാസിന് തുല്യമായ നിലവാര ത്തിലേക്ക് എത്തിക്കുകയാണ് ഈ പാഠ്യ പദ്ധതി യുടെ ലക്ഷ്യം.

(സി) ഭാഷ കേവലം ആശയവിനിമയോപാധിയെന്ന -തിന് ഉപരി സാംസ്കാരിക ഐക്യത്തിനുള്ള ഉപാധിയായതിനാൽ മാതൃഭാഷയ്ക്ക് ഉചിതമായ പ്രാധാന്യം നൽകാൻ നടപടിയെടുക്കുമോ ; വിശദമാക്കുമോ?

(സി) ഭാഷയാണ് മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനപരമായ സ്വത്വം. ലോകത്തെവിടെയായിരുന്നാലും ഭാഷയുടെ പേരിലാണ് മനുഷ്യർ അറിയപ്പെടുന്നത്. ഹ്രസ്വ കേരളത്തിലെ മാതൃഭാഷാ അഭ്യസനം ആശയവിനിമയോപാധി എന്ന നിലയിൽ വളരെ ചെറിയ ദൗത്യമേ നിർവ്വഹിക്കുന്നുള്ളൂ. എന്നാൽ മാതൃഭാഷ വഴി ലഭ്യമാകുന്ന സാംസ്കാരിക ഉന്നമനവും ഉദ്ഗ്രഥനവും മലയാളിക്ക് ഒരു ഭാഷാസമൂഹമെന്ന നിലയിൽ അഭിമാന ബോധവും അന്തസ്സും പ്രദാനം ചെയ്യുന്നുണ്ട്. മാതൃഭാഷ മറ്റൊരു ഭാഷയ്ക്കും പിന്നിലല്ല എന്ന തിരിച്ചറിവ് പുതിയ തലമുറയെ ലോകത്തെ ഏത് ഭാഷാ

സമൂഹത്തിനോടും കിടപിടിച്ചുനിൽക്കാൻ പ്രാപ്തരാക്കും

ഈ സർക്കാരും സാംസ്കാരിക കാര്യ വകുപ്പും ഏറ്റെടുത്തു നടത്തുന്ന പൈതൃകോത്സവങ്ങളും സാംസ്കാരിക വിനിമയ പരിപാടികളും മലയാളികളുടെ സാംസ്കാരിക ഐക്യത്തിന് വലിയ പ്രചോദനമായി തീർന്നിട്ടുണ്ട്.

ഭാഷ സാംസ്കാരിക ഐക്യത്തിനുള്ള ഉപാധിയെന്നതുകൊണ്ട് കൂടിയാണ് മലയാളത്തിലെ പ്രമുഖ എഴുത്തുകാരെ മുഖ്യ പ്രഭാഷകരാക്കി കേരള സാഹിത്യ അക്കാദമി പോലുള്ള പ്രസ്ഥാനങ്ങൾ കേരളത്തിനകത്തും പുറത്തും സെമിനാറുകളും ചർച്ചകളും മലയാള ഭാഷയിൽ സംഘടിപ്പിക്കുന്നത്.

മാതൃഭാഷയെ മികച്ച വൈജ്ഞാനിക സാഹിത്യ ഭാഷയാക്കുക എന്ന ലക്ഷ്യത്തിന് പ്രാധാന്യം നൽകി സാംസ്കാരിക പഠന വിഭാഗത്തിൽപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഏതൊരു ജനതയുടെയും സാംസ്കാരിക ബോധത്തിന്റെ അടിത്തറ ആ വംശത്തിന്റെയും ദേശത്തിന്റെയും ഭാഷകളാണ്. മലയാളം എന്ന ഉദാത്ത ഭാഷ മാത്രമല്ല കേരളം ആശയ വിനിമയത്തിനായി ഉപയോഗിക്കുന്നത്. കാസർകോട് ജില്ലയിൽ ലിപിയുള്ളതും, ഇല്ലാത്തതുമായ 18-ഓളം ഭാഷാ സംസ്കൃതികളുണ്ട്. പാർശ്വവലക്കരിക്കപ്പെടുന്ന ഈ ഭാഷാ സംസ്കൃതികളെ സമന്വയിപ്പിച്ച് കൊണ്ട് കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ 2018 ഏപ്രിൽ 7 മുതൽ 10 വരെ കാസർകോട്, മഞ്ചേശ്വരം, ബദിയടുക്ക, കാഞ്ഞങ്ങാട് തുടങ്ങിയ ഇടങ്ങളിലായി ബഹുഭാഷാ സർഗ്ഗോത്സവം സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥി സെമിനാറുകൾ, അതത് ഭാഷകളുടെ കവിയരങ്ങ്, കഥയെഴുത്ത്, തനിമയാർന്ന കലാരൂപങ്ങൾ, ചലച്ചിത്ര, നാടക അവതരണങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ആ ഭാഷാ അറിവുകളെ ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുവാനും കലാരൂപങ്ങൾ ഡിജിറ്റൽ ആർക്കൈവ്സ് ചെയ്യുവാനും ഇതിലൂടെ സർക്കാരിന് കഴിയും. ബഹുഭാഷാ സർഗ്ഗോത്സവം മലയാളത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

Indhu

സെക്ഷൻ ഓഫീസർ